"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി (ഡിയോസിസ് ഓഫ് കൊയ്ലോൺ) കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.2885/2022/GEDN തീയതി,തിരുവനന്തപുരം, 10-05-2022

പരാമർശം:- 1. കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി (ഡിയോസിസ് ഓഫ് കൊയ്ലോൺ) കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി

2. 29/04/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡി.ജി.ഇ/14927/2021-എഫ്4 നമ്പർ കത്ത്.

ഉത്തരവ്

വലിയകട സെന്റ് ജോസഫ് യു പി സ്കൂളിലെ ശ്രീമതി. റോസിലിൻഡ്. ഡിയുടെ പാർട്ട് ടൈം എൽ.ജി. ഹിന്ദി അദ്ധ്യാപികയായുള്ള നിയമനവുമായി ബന്ധപ്പെട്ട് കോർപ്പറേറ്റ് മാനേജർ പരാമർശം 1 പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. വലിയകട സെന്റ് ജോസഫ് യു പി സ്കൂളിലെ ശ്രീമതി. റോസിലിൻഡ്. ഡിയുടെ 15/07/2019 മുതലുള്ള പാർട്ട് ടൈം എൽ.ജി. ഹിന്ദി അദ്ധ്യാപികയായുള്ള നിയമനം അംഗീകരിക്കണം എന്നതാണ് ഹർജിയിലെ ആവശ്യം.

3. വലിയകട സെന്റ് ജോസഫ് യു പി സ്കൂളിലെ ശ്രീ ടെസ്മൻ എൻ സ്ഥലം മാറ്റപ്പെട്ട ഒഴിവിൽ 15/7/2019 മുതൽ പാർട്ട്-ടൈം എൽ.ജി ഹിന്ദി അദ്ധ്യാപികയായി ശ്രീമതി. ഡി. റോസിലിൻഡിനു മാനേജർ നിയമനം നൽകിയിരുന്നു. ശ്രീ ടെസ്മൻ-ന്റെ സ്ഥലം മാറ്റം അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം നിരസിച്ചു. ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് മുമ്പാകെ സമർപ്പിച്ച ഹർജിയും ഇതേ കാരണത്താൽ

നിരസിച്ചു. ടി വിഷയത്തിൽ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ച റിവിഷൻ ഹർജി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നു എന്നു ബോദ്ധ്യമായതിനാൽ നിരസിച്ചു ഉത്തരവായിരുന്നു. അതിനെതിരെയാണ് സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്.

4. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു

5. വലിയകട സെന്റ് ജോസഫ് യു പി സ്കൂളിലെ ശ്രീ ടെസ്മൻ എൻ സ്ഥലം മാറ്റപ്പെട്ട ഒഴിവിൽ 15/7/2019 മുതൽ പാർട്ട്-ടൈം എൽ.ജി ഹിന്ദി അദ്ധ്യാപികയായി ശ്രീമതി. ഡി. റോസിലിൻഡിനു മാനേജർ നിയമനം നൽകി. ശ്രീ. ടെസ്മൻ-ന്റെ സ്ഥലം മാറ്റം അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ചു. ടി വിഷയത്തിൽ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ച റിവിഷൻ ഹർജി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നു എന്നു ബോദ്ധ്യമായതിനാൽ നിരസിച്ചു ഉത്തരവായിരുന്നു.

6. കൊല്ലം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച 20/01/2022 ലെ സി2063/2021 നമ്പർ റിപ്പോർട്ടിൽ കരുനാഗപ്പള്ളി ഉപ. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ ടെസ്മൻ.എൻ-ന്റെ നിയമനം അംഗീകരിച്ചതായും. 15/7/2019 മുതൽ ശമ്പളം മാറി നൽകിയിട്ടുള്ളതായും വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ ടെസ്മൻ എൻ ന്റെ നിയമനം വ്യവസ്ഥാപിത ഒഴിവിലെ നിയമനം ആയതിനാൽ ശ്രീമതി ഡി റോസിലിൻഡിനു 15/7/2019 മുതൽ പാർട്ട് ടൈം എൽ ജി ഹിന്ദി അദ്ധ്യാപിക തസ്തികയിലെ നിയമനത്തിനു ഒഴിവ് സ്ഥാപിതമാണ് എന്ന വിവരം അറിയിച്ചിട്ടുണ്ട്.

7. മേൽ സാഹചര്യത്തിൽ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി (ഡിയോസിസ് ഓഫ് കൊയ്ലോൺ) കോർപ്പറേറ്റ് മാനേജർ പരാമർശം 1 പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജിയിൽ ആവശ്യപ്പെട്ടതു പ്രകാരം ശ്രീമതി. റോസിലിൻഡ്. ഡിയുടെ വലിയകട സെന്റ് ജോസഫ് യു.പി. സ്കൂളിലെ 15/07/2019 മുതലുള്ള പാർട്ട് ടൈം എൽ.ജി. ഹിന്ദി അദ്ധ്യാപികയായുള്ള നിയമനം അംഗീകരിച്ചു നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K NANDA KUMAR
അഡിഷണൽ സെക്രട്ടറി

സ.ഉ.(സാധാ) നം.2885/2022/GEDN

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ശ്രീമതി. റോസിലിൻഡ്. ഡി, എൽ.ജി. ഹിന്ദി അദ്ധ്യാപിക, സെന്റ് ജോസഫ് യു പി സ്കൂൾ, വലിയകട, കൊല്ലം

മാനേജർ, സെന്റ് ജോസഫ് യു പി സ്കൂൾ, വലിയകട,, കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Mini.t.r.
Date: 11-05-2022 10:25:08
സെക്ഷൻ ഓഫീസർ